(സി) ഉണ്ട്. വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടി തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിന്റെ അഭാവമാണ് പ്രമോഷൻ നൽകുന്നതിനുള്ള തടസ്സം. ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന് വേണ്ടിയുള്ള വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരികയാണ്. വകുപ്പുതല പ്രമോഷൻ കമ്മിറ്റി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയാൽ ഉടൻ തന്നെ പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രവർത്തനങ്ങൾ

212 (558) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വകുപ്പിലെ ജീവനക്കാരുടെ തസ്തിക തിരിച്ചും ജില്ല തിരിച്ചുമുള്ള എണ്ണം വ്യക്തമാക്കുമോ ;

(സി) വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഹിള പ്രധാൻ, എസ്.എ.എസ്. ഏജന്റുമാർ മുഖേന നടത്തി വരുന്ന നിക്ഷേപ സമാഹരണമാണ് ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് നടത്തിവരുന്ന പ്രധാന പ്രവർത്തനം. ഇതിന് പുറമെ ഏജന്റുമാർക്ക് പ്രതിഫലം നൽകുന്നതിന്റെ ഭാഗമായി സർക്കാരിന്റെ വിവിധ വികസന ക്ഷേമ പദ്ധതികൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനുള്ള ദൗത്യം കൂടി ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ മുഖേന ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്.

(ബി) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ ജീവനക്കാരുടെ തസ്തിക തിരിച്ചും ജില്ല തിരിച്ചുമുള്ള എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ തലത്തിൽ നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല

കേരള സോപ്സ് ആന്റ് ഓയിൽസ്-ന്റെ നികുതി കിഴിവുകൾ

213 (559) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുമേഖലാ സ്ഥാപനമായ കേരള സോപ്സ് ആൻഡ് ഓയിൽസ് , അതിന്റെ ഉൽപ്പന്നങ്ങൾക്ക് 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നികുതി കിഴിവുകൾ ബാധകമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണ് ; വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly